# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2322 | 09.03.2018 ന് മറുപടിയ്ക്ക്.

## അതിരപ്പള്ളി-വാഴച്ചാൽ പ്രവേശന ഫീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) അതിരപ്പള്ളി-വാഴച്ചാൽ വിനോദസഞ്ചാര മേഖലയിലെത്തുന്ന ടൂറിസ്റ്റുകളിൽ നിന്നും വനം വകുപ്പ് വനസംരക്ഷണ സമിതി മുഖേന പിരിച്ചെടുക്കുന്ന പ്രവേശന ഫീസ്, പാർക്കിംഗ് ഫീസ് എന്നിവയുടെ ഒരു വിഹിതം മാലിന്യ സംസ്കരണത്തിനും മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തി-നുമായി അതിരപ്പള്ളി ഗ്രാമപഞ്ചായത്തിന് വിനോദ നികുതിയായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) ഇതിനായി പ്രസ്തുത ഗ്രാമ പഞ്ചായത്ത് സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുകൂല നടപടി സ്വീകരിക്കുമോ? | (എ)&(ബി) അതിരപ്പിള്ളി വനമേഖലയിൽ വാഴച്ചാൽ വനവികസന ഏജൻസി മുഖേന പങ്കാളിത്ത ഇക്കോടൂറിസം പദ്ധതിയാണ് വനം വകുപ്പ് നടപ്പാക്കുന്നത്. അതിരപ്പിള്ളി-വാഴച്ചാൽ ഇക്കോടൂറിസം മേഖല പൂർണ്ണമായും വനത്തിനുള്ളിലാണ് നിലനിൽക്കുന്നത്. ഇവിടം സന്ദർശിക്കുന്നവരിൽ നിന്നും ഈടാക്കുന്ന പ്രവേശനഫീസും മറ്റ് ഫീസുകളുടേയും ഒരു നിശ്ചിത തുക ഇക്കോസിസ്റ്റം മാനേജ്മെന്റ് ഫണ്ട് (EMF) എന്ന പേരിൽ ബാങ്കിൽ നിക്ഷേപിക്കുകയും ബാക്കി തുക സർക്കാർ റവന്യൂ ആയി സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കുകയും ചെയ്തു വരുന്നു. EMF-ൽ നിക്ഷേപിക്കുന്ന തുക ചെലവഴിക്കുന്നത് സർക്കാർ ഉത്തരവ് 40/2017/F&WLD തീയതി 23.08.2017 പ്രകാരം കൃത്യമായ മാർഗ്ഗ നിർദ്ദേശം നിലവിൽ ഉള്ളതാണ്. ഇതനുസരിച്ച് വനവികസന ഏജൻസിക്ക് ലഭ്യമാകുന്ന തുകയുടെ സിംഹഭാഗവും ഇക്കോടൂറിസം കേന്ദ്രങ്ങളിലെ ഗൈഡുമാരുടേയും വാച്ചർമാരുടേയും പ്രതിഫലം നൽകുന്നതിനായി വിനിയോഗിക്കുന്നു. ബാക്കി തുക വനവികസന ഏജൻസി അംഗീകരിക്കുന്ന വാർഷിക ബഡ്ജറ്റ് പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനും വനാശ്രിത സമൂഹത്തിന്റെ ക്ഷേമകാര്യങ്ങൾക്കുമായാണ് വിനിയോഗിക്കുന്നത്. അതിരപ്പിള്ളി-വാഴച്ചാൽ ഇക്കോടൂറിസം മേഖലയിലെ മാലിന്യ നിർമ്മാർജ്ജനം വളരെ കാര്യക്ഷമമായ രീതിയിൽ വനസംരക്ഷണ സമിതി ഗൈഡുകളുടേയും വാച്ചർമാരുടേയും മേൽനോട്ടത്തിൽ നടന്നു വരുന്നു. കൂടാതെ, അതിരപ്പിള്ളിയിലേക്കുള്ള റോഡിനിരുവശങ്ങളിലും ടൂറിസ്റ്റുകൾ നിക്ഷേപിക്കുന്ന മാലിന്യം നീക്കം ചെയ്യാൻ ചാലക്കുടി വന വികസന ഏജൻസി മുഖേന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് വനമേഖലയിൽ യാതൊരു വികസന പ്രവർത്തനങ്ങളും നടപ്പാക്കാൻ വന സംരക്ഷണ നിയമ പ്രകാരം സാധ്യമല്ലെന്നിരിക്കെ ടി മേഖലയിൽ നിന്നും വിനോദ നികുതി ഈടാക്കുക എന്നത് അപ്രായോഗികമാണ്. |

സെക്ഷൻ ഓഫീസർ